## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 01.04.2011 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

സ.ഉ (അച്ചടി) നം 260/ 2011/തസ്വഭവ തിരുവനന്തപുരം, തീയതി, 20 / 10 / 2011.

---

പരാമർശം:- ജി.ഒ (പി) നമ്പർ 36/08/തസ്വഭവ. തീയതി, 07.02.2008.

### ഉത്തരവ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം പരാമർശത്തിലെ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. പ്രസ്തുത നിരക്ക് വർദ്ധിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ നിരവധി നിവേദനങ്ങൾ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 01.04.2011 മുതൽ പ്രാബല്യത്തോടെ താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

### ഓണറേറിയം

| തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | നിലവിലുള്ള ഓണറേറിയം (രൂപ) | വർദ്ധിപ്പിച്ച നിരക്ക് (രൂപ) | വർദ്ധന (രൂപ) |
|---|---|---|---|
| **ജില്ലാ പഞ്ചായത്ത്** | | | |
| പ്രസിഡന്റ് | 5900 | 6900 | 1000 |
| വൈസ് പ്രസിഡന്റ് | 4600 | 5600 | 1000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 2700 | 3700 | 1000 |
| അംഗങ്ങൾ | 2400 | 3400 | 1000 |

## ബ്ളോക്ക് പഞ്ചായത്ത്

| | | | |
|---|---|---|---|
| പ്രസിഡന്റ് | 5300 | 6300 | 1000 |
| വൈസ് പ്രസിഡന്റ് | 4000 | 5000 | 1000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 2400 | 3400 | 1000 |
| അംഗങ്ങൾ | 1800 | 2800 | 1000 |

## ഗ്രാമപഞ്ചായത്ത്

| | | | |
|---|---|---|---|
| പ്രസിഡന്റ് | 4600 | 5600 | 1000 |
| വൈസ് പ്രസിഡന്റ് | 3300 | 4300 | 1000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 2100 | 3100 | 1000 |
| അംഗങ്ങൾ | 1500 | 2500 | 1000 |

## കോർപ്പറേഷൻ

| | | | |
|---|---|---|---|
| മേയർ | 5900 | 6900 | 1000 |
| ഡെപ്യൂട്ടി മേയർ | 4600 | 5600 | 1000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 2700 | 3700 | 1000 |
| അംഗങ്ങൾ | 2100 | 3100 | 1000 |

## മുനിസിപ്പാലിറ്റി

| | | | |
|---|---|---|---|
| ചെയർമാൻ | 5300 | 6300 | 1000 |
| വൈസ് ചെയർമാൻ | 4000 | 5000 | 1000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 2400 | 3400 | 1000 |
| അംഗങ്ങൾ | 1800 | 2800 | 1000 |

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിച്ച് നൽകുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത അവയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതും, ബ്ളോക്ക്, ജില്ലാ പഞ്ചായത്തംഗങ്ങളുടെ കാര്യത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ് ജമുന,

അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ)(ആഡിറ്റ്), കേരള, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/ സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും / സെക്രട്ടറിമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/ സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേയ്ക്ക്)

ധനകാര്യ വകുപ്പ് (81763/ഡെ.വ.1/11/ധന പ്രകാരം)
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
ഡയറക്ടർ പബ്ളിക് റിലേഷൻസ് വകുപ്പ് (വേണ്ടത്ര പ്രചരണത്തിന്)
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ